15.08.21 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 03-03-1988

# ഹോളിയെങ്ങനെ ആഘോഷിക്കാം അഥവാ സദാകാലത്തെ പരിവർത്തനം എങ്ങനെയുണ്ടാകും?

ഇന്ന് സർവ്വയുടെയും ഭാഗ്യവിദാതാവായ ബാബ തന്റെ ഹോളിഹംസങ്ങളുമായി ജ്ഞാന രത്നങ്ങളുടെ ഹോളി ആഘോഷിക്കാൻ വന്നിരിക്കുന്നു. ആഘോഷിക്കുക അർത്ഥം മിലനം ചെയ്യുക. ബാപ്ദാദ ഓരോ അതി സ്നേഹി, സഹജയോഗി, സദാ ബാബയുടെ കാര്യത്തിൽ സഹയോഗി, സദാ പാവന വൃത്തിയിലൂടെ, പാവന ദൃഷ്ടിയിലൂടെ സൃഷ്ടിയെ പരിവർത്തനം ചെയ്യുന്ന സർവ്വ ഹോളി കുട്ടികളെ കണ്ട് ഹർഷിതമാകുന്നു. ഇന്നത്തെ മഹാത്മാക്കളെയും പാവനമെന്നു പറയപ്പെടുന്നു എന്നാൽ നിങ്ങൾ ശ്രേഷ്ഠ ആത്മാക്കൾ ഉയർന്ന ഹോളിയായി മാറുന്നു അർത്ഥം സങ്കല്പത്തിനോ, സ്വപ്നത്തിനോ പോലും അപവിത്രതയ്ക്ക് വൃത്തിയെ, ദൃഷ്ടിയെ പാവന സ്ഥിതിയിൽ നിന്നും താഴേക്ക് കൊണ്ടു വരാൻ സാധിക്കില്ല. ഓരോ സങ്കല്പം അർത്ഥം സ്മൃതി പാവനമാക്കുന്നു അതിനാൽ പാവനമായ പ്രകൃതി കാരണം ഭാവിയിലെ അനേക ജന്മങ്ങളിൽ ശരീരവും പാവനമായത് ലഭിക്കുന്നു. അതേപോലെ ഹോളിഹംസം അഥവാ സദാ പാവന സങ്കലപധാരി ശ്രേഷ്ഠ ആത്മാക്കളായി മാറുന്നു. ഉയർന്നതിലും വച്ച് ഉയർന്ന ബാബ ഓരോ കാര്യത്തിലും ശ്രേഷ്ഠ ജീവിതമുള്ളവരാക്കി മാറ്റുന്നു. പവിത്രതയും ഉയർന്നതിലും വച്ച് ഉയർന്ന പവിത്രതയാണ്, സാധാരണമല്ല. സാധാരണമായ പവിത്ര ആത്മാക്കൾ നിങ്ങൾ പവിത്രമായ ആത്മാക്കളുടെ മുന്നിൽ മനസ്സ് കൊണ്ട് അംഗീകിരച്ച് നമസ്ക്കരിക്കും, പറയും- നിങ്ങളുടെ പവിത്രത അതി ശ്രേഷ്ഠമാണ് എന്ന്. ഇന്നത്തെ കാലത്തെ ഗൃഹസ്ഥികൾ സ്വയത്തെ അപവിത്രമാണെന്ന് മനസ്സിലാക്കുന്നത് കാരണം ഏത് പവിത്രമായ ആത്മാക്കളെയാണൊ മഹാനാണെന്ന് മനസ്സിലാക്കി തല കുമ്പിടുന്നത്, ആ മഹാനാത്മാക്കൾ എന്ന് പറയപ്പെടുന്നവർ നിങ്ങൾ ശ്രേഷ്ഠമായ പാവനാത്മാക്കളുടെ മുന്നിൽ അംഗീകരിക്കും പറയും- നിങ്ങളുടെ പവിത്രതയും ഞങ്ങളുടെ പവിത്രതയും തന്നിൽ വളരെ വ്യത്യാസമുണ്ട് എന്ന്.

ഈ ഹോളിയുടെ ഉത്സവം നിങ്ങൾ പാവനമായ ആത്മാക്കളുടെ പാവനമാകുന്നതിന്റെ വിധിയുടെ സ്മരണയാണ് കാരണം നിങ്ങൾ സർവ്വരും നമ്പർവാർ പാവനമായ ആത്മാക്കൾ ബാബയുടെ ഓർമ്മയുടെ അഗ്നിയിലൂടെ സദാ കാലത്തേക്ക് അപവിത്രതയെ കത്തിച്ചു കളയുന്നു അതിനാൽ ആദ്യം കത്തിക്കുന്നതിന്റെ ഹോളി ആഘോഷിക്കുന്നു, പിന്നീട് നിറങ്ങളുടെ ഹോളി അഥവാ മംഗള മിലനം ആഘോഷിക്കുന്നു. കത്തിക്കുക അർത്ഥം പേരും അടയാളവും സമാപ്തമാക്കുക. ഏതൊന്നിനെയും പേരൊ അടയാളമോ പോലുമില്ലാതെ സമാപ്തമാക്കുന്നതിന് എന്താണ് ചെയ്യുന്നത്? കത്തിക്കുന്നു, അതിനാൽ രാവണനെയും കൊന്നതിന് ശേഷം കത്തിക്കുന്നു. ഇത് ആത്മാക്കളായ നിങ്ങളുടെ സ്മരണയാണ്. അപവിത്രതയെ കത്തിച്ചു അർത്ഥം പാവന ഹോളിയായി. ബാപ്ദാദ സദാ കേൾപ്പിക്കുന്നുണ്ട്- ബ്രാഹ്മണർ ഹോളി ആഘോഷിക്കുക അർത്ഥം പവിത്രമാകുക. അതിനാൽ ചെക്ക് ചെയ്യൂ അപവിത്രതയെ കേവലം ഇല്ലാതാക്കിയോ അതോ കത്തിച്ചോ? മരിച്ചവർക്ക് വീണ്ടും ജീവിക്കാം, ചിലപ്പോൾ ശ്വസം മറഞ്ഞു കിടക്കുന്നു. എന്നാൽ കത്തിക്കുക അർത്ഥം പേരും അടയാളവും സമാപ്തമാക്കുക. എവിടെ വരെയെത്തി എന്ന് സ്വയം ചെക്ക് ചെയ്യണം. സ്വപ്നത്തിൽ പോലും അപവിത്രതയുടെ മറഞ്ഞിരിക്കുന്ന ശ്വാസം വീണ്ടും ജീവിക്കപ്പെടരുത് അവരെയാണ് പറയുന്നത് ശ്രേഷ്ഠമായ പാവനാത്മാവ്. സങ്കല്പത്തിലൂടെ സ്വപ്നം പോലും പരിവർത്തനപ്പെടുന്നു.

ഇന്ന് വതനത്തിൽ ബാപ്ദാദ കുട്ടികളുടെ സമയത്തിനനുസരിച്ചിട്ടുള്ള സങ്കലപത്തിലൂടെ അഥവാ എഴുതി നല്കിയ പ്രതിജ്ഞകളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. സ്ഥിതിയിൽ മഹാരാഥിയാകം, സേവനത്തിൽ മഹാരഥിയാകാം- രണ്ടു പേരും സമയത്തിനനുസരിച്ച് നല്ല നല്ല പ്രതിജ്ഞകൾ എടുത്തിട്ടുണ്ട്. മഹാരഥികളും രണ്ട് പ്രകാരത്തിലുണ്ട്. ഒന്ന് തന്റെ വരദാനം അഥവാ സമ്പത്തിന്റെ പ്രാപ്തിയുടെ പുരുഷാർത്ഥത്തിന്റെ ആധാരത്തിൽ മഹാരഥി, രണ്ടാമത് ഏതെങ്കിലും സേവനത്തിന്റെ വിശേഷതയുടെ ആധാരത്തിൽ മഹാരഥി. പറയുമ്പോൾ രണ്ടും മഹാരഥികളാണ് എന്നാൽ ആദ്യത്തെ നമ്പറിനെ കുറിച്ച് കേൾപ്പിച്ചു- സ്ഥിതിയുടെ ആധാരത്തിലുള്ളവർ, അവർ സദാ മനസ്സ് കൊണ്ട് അതീന്ദ്രിയ സുഖത്തിന്റെ, സന്തുഷ്ടതയുടെ, സർവ്വരുടെ ഹൃദയത്തിന്റെ സ്നേഹത്തിന്റെ പ്രാപ്തി സ്വരൂപത്തിന്റെ ഊഞ്ഞാലിൽ ആടുന്നവർ. രണ്ടാമത്തെ നമ്പറിലുള്ളവർ സേവനത്തിന്റെ വിശേഷതയുടെ ആധാരത്തിൽ ശരീരം കൊണ്ട് പുറമേ നിന്ന് സേവനത്തിന്റെ വിശേഷതയുടെ ഫല സ്വരൂപമായി സന്തുഷ്ടത കാണപ്പെടും. സേവനത്തിന്റെ വിശേഷത കാരണം സേവനത്തിന്റെ ആധാരത്തിൽ മനസ്സിന്റെ സന്തുഷ്ടത. സേവനത്തിന്റെ വിശേഷത കാരണം സർവ്വയുടെ സ്നേഹവും ഉണ്ടാകും എന്നാൽ മനസ്സിൽ നിന്നോ ഹൃദയത്തിൽ നിന്നോ ഉണ്ടാകി

ല്ല. ഇടയ്ക്ക് പുറമേ നിന്ന്, ഇടയ്ക്ക് ഹൃദയത്തിൽ നിന്ന്. പക്ഷെ സേവനത്തിന്റെ വിശേഷത മഹാരഥിയാക്കി മാറ്റുന്നു. പറയുമ്പോൾ മഹാരഥിയെന്ന് തന്നെ പറയുന്നു. അതിനാൽ ഇന്ന് ബാപ്ദാദ മഹാരഥി അഥവാ പുരുഷാർത്ഥി– രണ്ടു പേരുടെയും പ്രതിജ്ഞകളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഇപ്പോളിപ്പോൾ അടുത്ത് പ്രതിജ്ഞകൾ വളരെയധികം ചെയ്തിട്ടുണ്ട്. അപ്പോൾ എന്ത് കണ്ടു? പ്രതിജ്ഞയിലൂടെ നേട്ടമുണ്ടാകുന്നുണ്ട് കാരണം ദൃഢതയുടെ ഫുൾ അറ്റൻഷൻ ഉണ്ട്. അടിക്കടി പ്രതിജ്ഞയുടെ സ്മൃതി ശക്തി നല്കുന്നു. ഇത് കാരണം കുറച്ച് പരിവർത്തനവും ഉണ്ടാകുന്നുണ്ട്. എന്നാൽ വിത്ത് മറഞ്ഞ് കിടക്കുന്നു അതിനാൽ അങ്ങനെയുള്ള സമയം അഥവാ പ്രശ്നം വരുമ്പോൾ ആ പ്രശ്നത്തിന്റെ കാരണത്തിന്റെ ജലം ലഭിക്കുന്നതിലൂടെ മറഞ്ഞു കിടന്ന വിത്ത് വീണ്ടും മുളക്കുന്നു, ഇലകൾ വരാൻ ആരംഭിക്കുന്നു. സദാ കാലത്തേക്ക് സമാപ്തമാകുന്നില്ല. ബാപ്ദാദ കണ്ടു കൊണ്ടിരിക്കുകയായിരുന്നു– കത്തിക്കുന്നതിന്റെ ഹോളി ആരൊക്കെ ആഘോഷിച്ചുവെന്ന്. ബീജത്തെ കത്തിക്കുമ്പോൾ കത്തി പോയ വിത്ത് ഒരിക്കലും ഫലം നല്കില്ല. സർവ്വരും പ്രതിജ്ഞയെടുത്തിട്ടുണ്ട്– കഴിഞ്ഞ് പോയതിനെ ഫുൾ സ്റ്റോപ്പിട്ട്, സ്വയത്തെ പ്രതി, മറ്റുള്ളവരെ പ്രതി– സർവ്വതിനെയും സമാപ്തമാക്കി പരിവർത്തനപ്പെടുത്തും. സർവ്വരും ഇപ്പോളിപ്പോൾ പ്രതിജ്ഞയെടുത്തില്ലേ. ആത്മീയസംഭാഷണത്തിൽ സർവ്വരും പ്രതിജ്ഞയെടുക്കുന്നുണ്ടല്ലോ. ഓരോരുത്തരുടെയും റിക്കോർഡ് ബാപ്ദാദായുടെ അടുത്തുണ്ട്. വളരെ നല്ല രൂപത്തിലൂടെ പ്രതിജ്ഞയെടുക്കുന്നു. ചിലർ ഗീതം– കവിതയിലൂടെ, ചിലർ ചിത്രങ്ങളിലൂടെ.

ബാപ്ദാദ കണ്ടു കൊണ്ടിരിക്കുകയായിരുന്നു – ആഗ്രഹിക്കുന്ന അത്രയും പരിവത്തനം എന്തു കൊണ്ട് ഉണ്ടാകുന്നില്ല? കാരണമെന്ത്, എന്തു കൊണ്ട് സദാ സമാപ്തമാകുന്നില്ല? സ്വയം പ്രതി അഥവാ മറ്റുള്ളവരെ പ്രതി സങ്കല്പിക്കുന്നുണ്ട്– ഈ കുറവ് ഇനി ആവർത്തിക്കാൻ അനുവദിക്കില്ല അഥവാ മറ്റുള്ളവരെ പ്രതി ചിന്തിക്കുന്നുണ്ട്– ഏതെങ്കിലും ആത്മാവുമായുള്ള കർമ്മ കണക്ക് ഉള്ളതിനാലാണ് സങ്കല്പം, വാക്ക്, കർമ്മത്തിൽ സംസ്ക്കാരത്തിന്റെ ഉരസൽ ഉണ്ടാകുന്നു, ഞാൻ അതിനെ പരിവർത്തനപ്പെടുത്തും എന്ന്. എന്നാൽ സമയത്ത് വീണ്ടും ആവർത്തിക്കുന്നതെന്ത് കൊണ്ട്? അതിന്റെ കാരണമെന്ത്? ചിന്തിക്കുന്നു– ഇനി ഈ ആത്മാവിന്റെ ഇന്ന സംസ്ക്കാരത്തെ അറിഞ്ഞ് സ്വയത്തെ സുരക്ഷിതമാക്കി ആ ആത്മാവിനും ശുഭ ഭാവന, ശുഭ കാമന നല്കും എന്നാൽ മറ്റുള്ളവരുടെ കുറവുകൾ കാണുന്നതിന്റെയും, കേൾക്കുന്നതിന്റെയും, ഗ്രഹണം ചെയ്യുന്നതിന്റെയും ശീലം നാച്ചുറലായി വളരെക്കാലമായി ഉണ്ട്, ഇവർ വളരെ നല്ലതാണ് എന്ന് ചിന്തിക്കാനുള്ള ശീലമില്ല എന്നാൽ അതിനു പകരം എന്ത് കാണും! ആത്മാവിൽ നിന്നും എന്ത് ഗ്രഹിക്കും! അത് അടിക്കടി ശ്രദ്ധയിൽ വയ്ക്കുന്നില്ല. ഇന്നത് ചെയ്യരുത് എന്ന ഓർമ്മയുണ്ട് എന്നാൽ അങ്ങനെയുള്ള ആത്മാക്കളെ പ്രതി എന്ത് ചെയ്യണം, എന്ത് ചിന്തിക്കണം, എന്ത് കാണണം! ആ കാര്യങ്ങളിൽ ശ്രദ്ധയുണ്ടാകുന്നില്ല. ഏതു പോലെ ഒരു സ്ഥലം വെറുതെ കിടക്കുന്നു, അതിനെ നല്ല രീതിയിൽ ഉപയോഗിക്കുന്നില്ലായെങ്കിൽ അവിടെ അഴുക്കും കൊതുകും സ്വതവേ ഉണ്ടാകുന്നു കാരണം വായുമണ്ഡലത്തിൽ മണ്ണ്, പൊടി, കൊതുക് സ്വതവേയുണ്ട്, അത് പതുക്കെ വർദ്ധിക്കുന്നു കാരണം സ്ഥലം വെറുതെ കിടക്കുന്നു. അതിനാൽ ആത്മാക്കളുടെ സമ്പർക്കത്തിൽ വരുമ്പോൾ ആദ്യം നാച്ചുറൽ പരിവർത്തനം ചെയ്തിട്ടുള്ള ശ്രേഷ്ഠ സങ്കല്പത്തിന്റെ സ്വരൂപം സ്മൃതിയിൽ കൊണ്ടു വരണം കാരണം നോളേജ്ഫുൾ ആണ്. സർവ്വരുടെയും ഗുണം, കർത്തവ്യം, സംസ്ക്കാരം, സേവനം, സ്വഭാവ പരിവർത്തനത്തിന്റെ ശുഭ സംസ്ക്കാരം അഥവാ സ്ഥാനം സദാ നിറഞ്ഞിരിക്കുമ്പോൾ അത് അശുദ്ധിയെ സ്വതവേ സമാപ്തമാക്കും.

ഏതു പോലെ കേൾപ്പിച്ചിരുന്നല്ലോ– ചില കുട്ടികൾ ഓർമ്മയിലിരിക്കുമ്പോൾ അഥവാ ബ്രാഹ്മണ ജീവിതത്തിൽ നടക്കുമ്പോഴും കറങ്ങുമ്പോഴും ഓർമ്മയുടെ അഭ്യാസം ചെയ്യുന്നുണ്ട്, അപ്പോൾ ശാന്തിയുടെ അനുഭവം ചെയ്യുന്നു എന്നാൽ സന്തോഷത്തിന്റെ അനുഭവം ചെയ്യുന്നില്ല. കേവലം ശാന്തിയുടെ മാത്രമായ അനുഭവം ഇടയ്ക്ക് ശിരസ്സിനെ ഭാരിച്ചതാക്കുന്നു, ഇടയ്ക്ക് നിദ്രയുടെ നേർക്ക് കൊണ്ടു പോകുന്നു. ശാന്തിയുടെ സ്ഥിതിയോടൊപ്പം സന്തോഷമുണ്ടാകുന്നില്ല. അതിനാൽ സന്തോഷമില്ലാത്തയിടത്ത് ഉണർവ്വും ഉത്സാഹവുമുണ്ടായിരിക്കില്ല, യോഗം ചെയ്തു കൊണ്ടും സ്വയം സന്തുഷ്ടരായിരിക്കില്ല, ക്ഷീണിച്ചിരിക്കും. സദാ ചിന്തയുടെ മൂഡിലായിരിക്കും, ചിന്തിച്ചു കൊണ്ടേയിരിക്കും. സന്തോഷം എന്ത് കൊണ്ട് ഉണ്ടാകുന്നില്ല, ഇതിനും കാരണമുണ്ട് എന്തു കൊണ്ടെന്നാൽ കേവലം ചിന്തിക്കുന്നു– ഞാൻ ആത്മാവാണ്, ബിന്ദുവാണ്, ജ്യോതി സ്വരൂപനാണ്, ബാബയും അങ്ങനെയാണ്. എന്നാൽ ഞാൻ എങ്ങനെയുള്ള ആത്മാവാണ്! ആത്മാവാകുന്ന എന്റെ വിശേഷതയെന്താണ്? ഞാൻ കോടിമടങ്ങ് ഭാഗ്യവാനാണ്, ഞാൻ ആദി രചനയായ ആത്മാവാണ്, ഞാൻ ബാബയുടെ ഹൃദയസിംഹാസനത്തിലിരിക്കുന്ന ആത്മാവാണ്. സന്തോഷം നല്കുന്ന ഈ വിശേഷതകളെ കുറിച്ച് ചിന്തിക്കുന്നില്ല. കേവലം ബിന്ദുവാണ്, ജ്യോതിയാണ്, ശാന്ത സ്വരൂപമാണ്.... അപ്പോൾ ശൂന്യാവസ്ഥയിലേക്ക് പോകുന്നു അതിനാൽ തല ഭാരിക്കുന്നു. അതു

പോലെ സ്വയത്തെ പ്രതി അഥവാ അന്യ ആത്മാക്കളെ പ്രതി പരിവർത്തനത്തിന്റെ ദൃഢ സങ്കല്പം ചെയ്യുമ്പോൾ സ്വയത്തെ പ്രതി അഥവാ അന്യാത്മാക്കളെ പ്രതി ശുഭം, ശ്രേഷ്ഠ സങ്കല്പം അഥവാ വിശേഷതയുടെ സ്വരൂപം സദാ പ്രത്യക്ഷ രൂപത്തിൽ കാണൂ എങ്കിൽ പരിവർത്തനമുണ്ടാകും.

ഇവർ ഇങ്ങനെ തന്നെയാണ്, ഇത് ഇങ്ങനെ തന്നെ സംഭവിക്കും, ഇവർ ഇങ്ങനെയാണ് ചെയ്യുന്നത്....ഇങ്ങനെ സങ്കല്പിക്കുന്നതിന് പകരം ചിന്തിക്കൂ- ഇവർ വിശേഷതയ്ക്കനുസരിച്ച് വിശേഷപ്പെട്ടവരാണ്. ഏതു പോലെ കുറവുകളുടെ ഇങ്ങനെ, അങ്ങനെ എന്ന് വരുന്നു, അതേപോലെ ശ്രേഷ്ഠത അഥവാ വിശേഷതയുടെ ഇങ്ങനെ, അങ്ങനെ- ഇത് മുന്നിൽ കൊണ്ടു വരൂ. സ്മൃതിയെ, സ്വരൂപത്തെ, വൃത്തിയെ, ദൃഷ്ടിയെ പരിവർത്തനപ്പെടുത്തൂ. ഈ രൂപത്തിലൂടെ സ്വയത്തെയും കാണൂ, മറ്റുള്ളവരെയും കാണൂ. ഇതിനെയാണ് പറയുന്നത് സ്ഥാനത്തെ നിറച്ചു, ശൂന്യമാക്കിയില്ല എന്ന്. ഈ വിധിയിലൂടെ കത്തിച്ചു കളയുന്ന ഹോളി ആഘോഷിക്കൂ. സ്വയത്തെ പ്രതി അഥവാ മറ്റുള്ളവരെ പ്രതി ഒരിക്കലും ഇങ്ങനെ ചിന്തിക്കരുത്- നോക്കൂ, ഞാൻ പറഞ്ഞിരുന്നില്ലേ- ഇവർ ഒരിക്കലും മാറില്ലയെന്ന്. എന്നാൽ ആ സമയത്ത് സ്വയത്തോട് ചോദിക്കൂ- ഞാൻ മാറിയോ? സ്വപരിവർത്തനം തന്നെയാണ് മറ്റുള്ളവരിലും പരിവർത്തനം കൊണ്ടു വരുന്നത്. ഓരോരുത്തരും ചിന്തിക്കൂ- ആദ്യം ഞാൻ പരിവർത്തനപ്പെട്ട് ഉദാഹരണമാകണം. ഇതിനെയാണ് ഹോളി കത്തിക്കുക എന്ന് പറയുന്നത്. കത്തിക്കാതെ ആഘോഷിക്കാൻ സാധിക്കില്ല, ആദ്യം കത്തിക്കേണ്ടി തന്നെയിരിക്കുന്നു കാരണം കത്തിച്ചു അർത്ഥം സ്വച്ഛമായി, ശ്രേഷ്ഠവും പവിത്രവുമായി. അപ്പോൾ ഇങ്ങനെയുള്ള ആത്മാവിന് സ്വതവേ ബാബയുടെ കൂട്ടുകെട്ടിന്റെ പ്രഭാവം സദാ ഉണ്ടായിരിക്കും. ഇങ്ങനെയുള്ള ആത്മാവ് സദാ ബാബയുമായി അഥവാ സർവ്വ ആത്മാക്കളുമായി മംഗള മിലനം അർത്ഥം മംഗളകാരി ശ്രേഷ്ഠമായ ശുഭമായ മിലനം ആഘോഷിച്ചു കൊണ്ടിരിക്കും. മനസ്സിലായോ?

ഇങ്ങനെ ഹോളി ആഘോഷിക്കണം. ഉണർവ്വും ഉത്സാഹവുമുള്ളയിടത്ത് ഓരോ നിമിഷവും ഉത്സവമായിരിക്കും. അതിനാൽ സന്തോഷത്തിൽ വളരെയധികം ആഘോഷിക്കൂ, കഴിക്കൂ, കളിക്കൂ, ആനന്ദത്തിലിരിക്കൂ എന്നാൽ സദാ ഹോളിയായി മിലനം ആഘോഷിച്ചു കൊണ്ടിരിക്കൂ. ശരി.

സദാ ഓരോ സെക്കന്റും ബാബയിലൂടെ വരദാനത്തിന്റെ ആശംസകൾ എടുക്കുന്ന, സദാ ഓരോ ബ്രാഹ്മണ ആത്മാവിലൂടെ ശുഭ ഭാവനയുടെ ആശംസകൾ നേടുന്ന, സദാ അതി ശ്രേഷ്ഠമായ പാവന ആത്മാക്കൾക്ക്, സദാ കൂട്ടുകെട്ടിന്റെ പ്രഭാവത്തിലിരിക്കുന്ന ആത്മാക്കൾക്ക്, സദാ ബാബയുമായി മിലനം ആഘോഷിക്കുന്ന ആത്മാക്കൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്ക്കാരവും.

**വ്യക്തിപരമായ മിലനത്തിന്റെ സമയത്ത് വരദാനത്തിന്റെ രൂപത്തിൽ ഉച്ചരിച്ച മഹാവാക്യം**

1) സദാ സ്വയത്തെ ബാബയുടെ ഓർമ്മയുടെ ഛത്രച്ഛായയിലിരിക്കുന്ന ശ്രേഷ്ഠ ആത്മാവാണെന്ന അനുഭവം ചെയ്യുന്നുണ്ടോ? ഛത്രച്ഛായ തന്നെയാണ് സുരക്ഷയുടെ സാധനം. ഈ ഛത്രച്ഛായയിൽ നിന്നും സങ്കല്പത്തിലൂടെയെങ്കിലും പാദം പുറത്ത് വച്ചാൽ എന്ത് സംഭവിക്കും? രാവണൻ കൊണ്ടു പോകും, ശോക വാടികയിലിരുത്തും. അവിടെ പോകേണ്ട കാര്യമില്ല. സദാ ബാബയുടെ ഛത്രച്ഛായയിലിരിക്കുന്ന, ബാബയുടെ സ്നേഹി ആത്മാവാണ്- ഇതേ അനുഭവത്തിലിരിക്കൂ. ഈ അനുഭവത്തിലൂടെ സദാ ശക്തിശാലിയായി മുന്നോട്ടുയർന്നു കൊണ്ടിരിക്കും.

2) സദാ സ്വയത്തെ ബാപ്ദാദായുടെ ദൃഷ്ടിയിൽ ലയിച്ചിരിക്കുന്ന ആത്മാവാണെന്ന അനുഭവം ചെയ്യുന്നുണ്ടോ? നയനങ്ങളിൽ ലയിച്ചിരിക്കുന്ന ആത്മാവിന്റെ സ്വരൂപമെന്തായിരിക്കും? കണ്ണുകളിൽ എന്താണ് ഉള്ളത്? ബിന്ദു. കാണുന്നതിനുള്ള മുഴുവൻ ശക്തിയും ബിന്ദുവിലുണ്ടല്ലോ. അതിനാൽ നയനങ്ങളിൽ ലയിച്ചിരിക്കുന്ന അർത്ഥം സദാ ബിന്ദു സ്വരൂപത്തിൽ സ്ഥിതി ചെയ്യുന്ന ആത്മാവ്- എന്ന അനുഭവമുണ്ടാകുന്നില്ലേ. അവരെയാണ് കൺമണിയെന്ന് പറയുന്നത്. അതിനാൽ സദാ സ്വയത്തെ ഈ സ്മൃതിയിലൂടെ മുന്നോട്ടുയർത്തി കൊണ്ടിരിക്കൂ. ഞാൻ ബാബയുടെ കൺമണിയാണ് എന്ന ലഹരിയിൽ സദായിരിക്കൂ.

## വരദാനം:- തന്റെ അലൗകീക ആത്മീയ വൃത്തിയിലൂടെ സർവ്വ ആത്മാക്കളുടെ മേൽ തന്റെ പ്രഭാവം ചെലുത്തുന്ന മാസ്റ്റർ ജ്ഞാന സൂര്യനായി ഭവിക്കട്ടെ.

ആകർഷിക്കുന്ന വസ്തു അടുത്തുള്ളവരെ തന്റെ നേർക്ക് ആകർഷിക്കുന്നു, സർവ്വരുടെയും ശ്രദ്ധ പോകുന്നു. അതേപോലെ നിങ്ങളുടെ വൃത്തി അലൗകീകവും, ആത്മീയവുമാകുമ്പോൾ നിങ്ങളുടെ പ്രഭാവം

അനേക ആത്മാക്കളിൽ സ്വതവേ ഉണ്ടാകുന്നു. അലൗകീക വൃത്തി അർത്ഥം സ്നേഹി, നിർമ്മോഹി സ്ഥിതി സ്വതവേ അനേക ആത്മാക്കളെ ആകർഷിക്കുന്നു. അങ്ങനെയുള്ള അലൗകീക ശക്തിശാലിയായ ആത്മാക്കൾ മാസ്റ്റർ ജ്ഞാന സൂര്യനായി തന്റെ പ്രകാശം നാല് ഭാഗത്തും വ്യാപിപ്പിക്കുന്നു.

## സ്ലോഗൻ:- സദാ സ്വമാനത്തിന്റെ സീറ്റിലിരിക്കൂ എങ്കിൽ സർവ്വ ശക്തികൾ നിങ്ങളുടെ നിർദ്ദേശം അനുസരിക്കും.

**സൂചന:-** ഇന്ന് മാസത്തിന്റെ മൂന്നാമത്തെ ഞായറാഴ്ച്ച അന്താരാഷ്ട്ര യോഗാദിനമാണ്, ബാബയുടെ സർവ്വ കുട്ടികളും സന്ധ്യക്ക് 6.30 മുതൽ 7.30 വരെ വിശേഷിച്ച് മാസ്റ്റർ മുക്തി ദാതാവായി, പഴയ ദേഹം, പഴയ ലോകത്തിന്റെ ബന്ധനങ്ങളിൽ നിന്നും, പഴയ സംസ്ക്കാര സ്വഭാവങ്ങളിൽ നിന്നും മുക്തരായി മുക്തി ജീവൻമുക്തിയുടെ വരദാനം നല്കുന്നതിന്റെ സേവനം ചെയ്യണം.